പതിനാലാം കേരള നിയമസഭ

പത്തൊൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1058 05.03.2020-ൽ മറുപടിക്ക്

<u>റെയിൽവേ അണ്ടർ ബ്രിഡ്ജ് നിർമ്മാണം</u>

<u>ചോദ്യം</u>

**ശ്രീ. റ്റി.വി.രാജേഷ്**

കണ്ണൂർ ജില്ലയിലെ പഴയങ്ങാടി -പുതിയങ്ങാടി റോഡിലെ റെയിൽവേ അണ്ടർ പാസിൽ ഗതാഗതക്കുരുക്ക് രൂക്ഷമായ സാഹചര്യത്തിൽ ആയത് പരിഹരിക്കുന്നതിന് പുതിയ റെയിൽവേ അണ്ടർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് എസ്റ്റിമേറ്റ് തയ്യാറാക്കി ഫണ്ട് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

<u>മറുപടി</u>

**ശ്രീ. ജി. സുധാകരൻ**

**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

നിലവിലുള്ള റെയിൽവേ അണ്ടർ ബ്രിഡ്ജിൽ നിന്നും 20 മീറ്റർ മാറി മംഗലാപുരം ഭാഗത്തേക്ക് റെയിൽവേ അണ്ടർ ബ്രിഡ്ജ് നിർമ്മിക്കുന്നതിന് ആവശ്യമായ റഫ് കോസ്റ്റ് എസ്റ്റിമേറ്റും റിപ്പോർട്ടും നൽകാൻ കണ്ണൂർ നിരത്ത് വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്നും 06/11/2019-ന് സതേൺ റെയിൽവേ ഡിവിഷൻ, പാലക്കാട് എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമായിട്ടില്ല.

സെക്ഷൻ ഓഫീസർ